(6) നാളികേര വികസന കോർപ്പറേഷൻ അടച്ചുപൂട്ടുന്നതിന്റെ ഫലമായി തൊഴിൽരഹിതരാകുന്നവരുടെ പ്രശ്നം സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നാളികേര വികസന കോർപ്പറേഷൻ പൂട്ടാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തതായി മനസ്സിലാക്കുന്നു. മാതൃഭൂമി പത്രത്തിൽ ജൂലായ് 16-ാം തീയതിയിലെ റിപ്പോർട്ടിൽ കഴിഞ്ഞ മൂന്നു വർഷമായി ലേഓഫിൽ പ്രവർത്തിച്ചതിന്റെ ഫലമായി കോർപ്പറേഷൻ വൻതുക നഷ്ടം വരുത്തിയതാണ് അടച്ചുപൂട്ടാൻ കാരണമെന്ന് കൃഷി വകുപ്പ് പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു. എന്നുപറഞ്ഞിട്ടുണ്ട്. ഈ കോംപ്ലക്സ് ആറ്റിങ്ങലിൽ ഒരു യൂണിറ്റും കോഴിക്കോടുള്ള ഏലത്തൂരിലും തിരുവണ്ണൂരിലും രണ്ടു യൂണിറ്റുകളുമായി പ്രവർത്തിക്കുകയാണ്. ഏകദേശം മുന്നൂറോളം തൊഴിലാളികൾ ആണ് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഭീമമായ നഷ്ടമാണ് ആറ്റിങ്ങൽ യൂണിറ്റിനുണ്ടായത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് എറണാകുളം യൂണിറ്റിലാണ്. അവിടെ കുറച്ച് ആളുകളുണ്ട്. ആ യൂണിറ്റ് പ്രവർത്തിച്ചിട്ടേയില്ല. തിരുവണ്ണൂരിലെ പ്രോജക്ട് ലാഭകരമായി പ്രവർത്തിച്ചിരുന്നു എന്നാണ് അവിടത്തെ തൊഴിലാളികൾ എന്നോട് പറഞ്ഞത്. എനിക്ക് ആ കാര്യത്തെക്കുറിച്ച് പറയാൻ കഴിയില്ല. അവിടെ ഒരു തീപിടിത്തം ഉണ്ടായി. അതിന്റെ ഫലമായി അതുപൂട്ടി. ഇപ്പോൾ 4 യൂണിറ്റുകളാണുള്ളത്. എറണാകുളത്തെ യൂണിറ്റ് വിറ്റു. അവിടത്തെ സ്ഥലവും വിറ്റു, മെഷിനറി ലേലം ചെയ്ത് മുഴുവനും വിൽക്കാനും ആ തൊഴിലാളികൾക്കു വി.ആർ.എസ്. കൊടുത്ത് പിരിച്ചുവിടാനും ഗവൺമെന്റ് ആലോചിക്കുന്നതായി അറിയുന്നു. എനിക്ക് ഒരു കാര്യം മാത്രമാണ് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുണ്ട്. ആ യൂണിറ്റുകൾ ലാഭകരമാക്കാൻ നമുക്ക് കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. എറണാകുളത്തെ യൂണിറ്റ് പ്രവർത്തിക്കാത്തതാണ്. എന്നെ സംബന്ധിച്ചിടത്തോളം നഷ്ടം തീർക്കാൻ വിൽക്കുന്നതിന് വിരോധമില്ല. നല്ല വില കിട്ടുന്ന സ്ഥലമാണ്. അവിടെയുള്ള മെഷിനറി വിൽക്കാൻ തീരുമാനിച്ചതായി ഞാൻ മനസ്സിലാക്കുന്നു. ആറ്റിങ്ങലിലെ യൂണിറ്റ് എന്തുകൊണ്ട് റിവൈവ് ചെയ്തുകൂടാ? അതുപോലെ കോഴിക്കോടുള്ള രണ്ടു യൂണിറ്റുകൾ എന്തുകൊണ്ട് റിവൈവ് ചെയ്തുകൂടാ? ഈ പണം നമുക്ക് അവിടെ വിനിയോഗിക്കാവുന്നതാണ്. നാലു കോടി 33 ലക്ഷം രൂപ തൊഴിലാളികൾക്ക് വി.ആർ.എസ്. കൊടുത്ത് പിരിച്ചുവിടാൻ ഗവൺമെന്റ് സപ്ലിമെന്ററി ഗ്രാന്റിൽ വച്ചിരിക്കുന്നു. ആ സപ്ലിമെന്ററി ഗ്രാന്റിന്റെ ഡിസ്കഷൻ നടക്കാൻ പോകുന്നു. അതുകൊണ്ട് ഞാൻ ആ കാര്യത്തെക്കുറിച്ച് പറയുന്നില്ല. എനിക്ക് പറയാനുള്ളത്, ഗവൺമെന്റ് ഈ സന്ദർഭത്തിൽ ചെയ്യേണ്ടത് ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം ആലോചിക്കണം. ഫലത്തിൽ ഈ വി.ആർ.എസ്. ഒരു സി.ആർ.എസ്. ആണ്. കമ്പൽസറി റിട്ടയർമെന്റ് സ്കീമാണ്. മൂന്നു നാലു കൊല്ലമായി ആ യൂണിറ്റ് പൂട്ടിക്കിടക്കുന്നു. ഞങ്ങളുടെ കാലത്ത് പൂട്ടി എന്നു പറഞ്ഞാലും ശരിയാണ്. ഞങ്ങളോ, നിങ്ങളോ എന്നല്ല. ആ പൂട്ടിയ സ്ഥാപനങ്ങളിലെ മൂന്നും നാലും കൊല്ലമായി ജോലിയില്ലാതെയിരുന്ന തൊഴിലാളികൾക്ക് വി.ആർ.എസ്. എന്നു പറഞ്ഞാൽ അവർ അംഗീകരിക്കും. അവ ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ടല്ല. അവരുടെ മനഃപ്രയാസം, അവരുടെ സാമ്പത്തിക പ്രയാസമാണ് അവരെ അത് അംഗീകരിക്കാൻ നിർബ്ബന്ധിതരാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. അത് ഫല ത്തിൽ സി.ആർ.എസ്. ആണ്. എറണാകുളത്തെ യൂണിറ്റ് നിങ്ങൾ പൂട്ടുകയാ ണെങ്കിലും വിൽക്കുകയാണെങ്കിലും അത് പ്രവർത്തിക്കാത്ത യൂണിറ്റാണ്. ബാക്കി രണ്ടു യൂണിറ്റുകളും പ്രവർത്തിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. അത് കേരഫെഡിനെ ഏൽപ്പിക്കണം. കേരഫെഡിനെക്കൊണ്ട് അത് നടത്തി ക്കാൻ ശ്രമിക്കണം. അതല്ലെങ്കിൽ വേറെ ഏജൻസിയെക്കൊണ്ട് നടത്തിക്കാൻ ശ്രമിക്കണം. അവിടത്തെ ഐ.എൻ.റ്റി.യു.സി. യൂണിയൻകാർ എന്നെ ബന്ധ പ്പെട്ടിരുന്നു. ഞാൻ മനസ്സിലാക്കിയിടത്തോളം ആ വി.ആർ.എസ്.നെക്കുറിച്ച് ഒരു വാക്ക് ഇന്നുവരെ ആ യൂണിയനുകളുമായി സംസാരിച്ചിട്ടില്ല. 50,000 രൂപ മിനിമം. മാക്സിമം ഒരു ലക്ഷത്തി എൺപതിനായിരം രൂപ. ഒരിക്കലും അത് ശരിയല്ല. അങ്ങയെപ്പോലുള്ള ഒരു മന്ത്രിയിൽനിന്നും ഞാനിതു പ്രതീക്ഷിക്കു ന്നില്ല. അതുകൊണ്ട് ആ യൂണിയനുകളെ വിളിച്ച് സംസാരിക്കണം. എറണാ കുളത്തെ തൊഴിലാളികളെ പിരിച്ചുവിടുകയാണെങ്കിൽ അവരുടെ വി.ആർ. എസ്. എന്തായിരിക്കണമെന്ന് അവരോട് ഡിസ്കസ് ചെയ്യണം. ചുരുങ്ങിയത് രണ്ടു ലക്ഷം രൂപ എങ്കിലും നൽകാനുള്ള വ്യവസ്ഥയുണ്ടായിരിക്കണം. മാക്സിമത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ഏതായാലും കേരഫെഡിനെ ക്കൊണ്ട് ബാക്കിയുള്ള മൂന്നു യൂണിറ്റുകളെ ഏറ്റെടുപ്പിച്ച് ഈ തൊഴിലാളി കൾക്ക് ജോലി നൽകാനുള്ള ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കണം. അങ്ങനെ വി.ആർ.എസ്.നെ സി.ആർ.എസ്. ആക്കി ഈ തൊഴിലാളികളെ പിരിച്ചുവി ടുന്ന സമ്പ്രദായം ഗവൺമെന്റ് പിൻവലിക്കണം എന്നുമാത്രമാണ് എനിക്ക് പറ യാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : ബഹുമാ നപ്പെട്ട ആര്യാടൻ ഉന്നയിച്ച പ്രശ്നം എന്തുകൊണ്ടും നന്നായി. ഇത് അടച്ചു പൂട്ടിയത് ഈ ഗവൺമെന്റിന്റെ കാലത്തല്ല. അവിടത്തെ ജീവനക്കാർക്കും തൊഴിലാളികൾക്കും 1993 സെപ്റ്റംബർ മുതൽ 25.9.1994 വരെയുള്ള കാലത്തെ ശമ്പളം കൂലി ഒക്കെ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശിക കൊടുക്കാതെ തുടർന്നുപോവുകയായിരുന്നു. ഇങ്ങനെ ഒരു സാഹചര്യം വന്നപ്പോൾ പല വട്ടം ഇതു സംബന്ധിച്ച് ചർച്ച നടത്തി. 1975 ഒക്ടോബറിലാണ് ഇത് സ്ഥാപി ച്ചത്. 285 ലക്ഷം രൂപയാണ് ഇതിന്റെ മൂലധനം. ഇപ്പോൾ ഇതിന്റെ സഞ്ചിത നഷ്ടം 1767.18 ലക്ഷം രൂപയാണ്. ഇതുകൂടാതെ മറ്റു സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കാനുള്ള നഷ്ടം 2,217 ലക്ഷം രൂപയാണ്. ഇത്രയും വമ്പിച്ച കടബാധ്യത ഇതിനുണ്ട്. മാത്രമല്ല ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞു. കോഴിക്കോട് ജില്ലയിൽ തിരുവണ്ണൂർ ഫാക്ടറി ലാഭകരമായി പ്രവർത്തിക്കുന്നതാണെന്ന്. അത് കത്തി. ഏതു ഗവൺമെന്റിന്റെ കാലത്തോ അതു കത്തി. അതിന് 55.81 ലക്ഷം രൂപ നഷ്ടപരിഹാരമായിട്ട് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടി. അത്രയും സംഖ്യ ഉപയോഗിച്ചിരുന്നുവെങ്കിൽ അതിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് ആ ഫാക്ടറി വീണ്ടും തുറക്കാമായി രുന്നു. എന്നാൽ അന്ന് ഗവൺമെന്റ് തീരുമാനിച്ചത് ആ ഫാക്ടറി പൂട്ടാനാണ്. കിട്ടുന്ന നഷ്ടപരിഹാര തുക ബാങ്കിൽ അടച്ച് അതിൽനിന്നും പ്രതിമാസം ഡ്രാ ചെയ്ത് ഈ തൊഴിലാളികൾക്കും മറ്റു ജീവനക്കാർക്കും ശമ്പളം കൊടു ത്താൽ മതിയെന്നാണ് അന്ന് തീരുമാനിച്ചത്. അങ്ങനെ 55.81 ലക്ഷം രൂപ അവർക്ക് ശമ്പളമായി കൊടുത്തുതീർത്തു. അപ്പോൾ കഴിഞ്ഞ ഗവൺ മെന്റിന്റെ വ്യൂ എന്താണ്? ഈ സ്ഥാപനം അടച്ചുപൂട്ടണമെന്നുതന്നെയാണ്. അല്ലെങ്കിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം തുറന്നു പ്രവർത്തി ക്കാമായിരുന്നു. ആ ഗവൺമെന്റിന്റെ അപ്പോഴത്തെ വ്യൂ അതുതന്നെയായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. ഇടപ്പള്ളിയിൽ 1985 മുതലാണ് കോർപ്പറേഷന് കഷ്ടകാലം തുടങ്ങുന്ന ത്. ഇടപ്പള്ളിയിൽ ഒരു പുതിയ യൂണിറ്റ് സ്ഥാപിക്കാൻ കുറെ പുതിയ മെഷി നറി ഇമ്പോർട്ടു ചെയ്തുവച്ചത് തുരുമ്പിച്ച് പോവുകയാണ് ചെയ്തത്. 1985 -ലെ സവിശേഷത അതാണ്. അതൊന്നും പറയുന്നില്ല. അതിനുശേഷം യു.ഡി.എഫ്. ഗവൺമെന്റും, എൽ.ഡി.എഫ്. ഗവൺമെന്റും വന്നു. വന്ന ഗവൺമെന്റുകളൊന്നും ഇടപ്പള്ളി യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ശ്രമിച്ചിട്ടില്ല. ഈ കോർപ്പറേഷൻ അടച്ചുപൂട്ടണമെന്നുതന്നെയായിരുന്നു അവരുടെ ആഗ്ര ഹം. കാരണം അത്ര വൻപിച്ച നഷ്ടമായിരുന്നു ഉണ്ടായിരുന്നത്. അതൊന്നും പരിഹരിക്കാൻ കഴിയുന്നതല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെ ത്തുടർന്ന് 25.3.1997-ൽ അവിടത്തെ ട്രേഡ് യൂണിയൻ സംഘടനകളുടെയും ബന്ധപ്പെട്ട എം.എൽ.എ.മാരുടെയും യോഗം വിളിച്ചുചേർത്ത് അന്നത്തെ കൃഷിവകുപ്പുമന്ത്രിയായിരുന്ന പരേതനായ വി.കെ. രാജൻ അത് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയു മെന്നും കേരഫെഡിൽ ലയിപ്പിക്കാൻ കഴിയുമോ എന്നും നോക്കി. മാത്രമല്ല ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ ഇതിന്റെ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കേരഫെഡിൽ ലയിപ്പിക്കാൻ ശ്രമം നടന്നു. അതിന് സാധ്യമല്ലാത്ത സ്ഥിതിവി ശേഷമുണ്ടായി. ഇത് വമ്പിച്ച നഷ്ടത്തിൽ ഉള്ളതാണ്. കമ്പനീസ് ആക്ടനുസ രിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനമാണ്. മാത്രമല്ല യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപന മാണ് കേരഫെഡ്. അതുകൊണ്ട് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം അതിൽ ലയിപ്പിക്കാൻ സാധ്യമല്ല എന്നൊരു നിലപാടെടുത്തു. ഈ ഗവൺ മെന്റ് വന്നതിനുശേഷം അതിനെ സംബന്ധിച്ച് ഒരു കമ്മിറ്റി അന്വേഷിച്ചു. നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശ ഇത് തുടർന്നു പ്രവർത്തിപ്പിക്കാൻ കഴിയു കയില്ല. ഇതു പിരിച്ചുവിടണമെന്നായിരുന്നു. അതിനെ തുടർന്ന് 8.4.1997-ൽ വീണ്ടും തൊഴിലാളി സംഘടനാ പ്രതിനിധികളുടേയും എം.എൽ.എ.മാരു ടെയും ഒരു യോഗം വിളിച്ചു ചേർത്തു. ആ യോഗത്തിൽ വച്ചാണ് ഈ കമ്പനി പൂട്ടണമെന്നും അങ്ങനെ സ്വയം പിരിഞ്ഞുപോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സോപ്സ് ആന്റ് ഓയിൽസിൽ കൊടുത്തിട്ടുള്ള ആനു കൂല്യങ്ങൾ പിരിഞ്ഞു പോകുന്നതിനുവേണ്ടി തൊഴിലാളികൾക്ക് നൽകണ മെന്നും തീരുമാനിച്ചത്. രണ്ടുതവണ ചർച്ച നടത്തി. എല്ലാവരുടേയും ഐകക ണ്ഠ്യേനയുള്ള തീരുമാനപ്രകാരം സ്വീകരിച്ച് നടപടി പൂർത്തീകരിച്ചുവരിക യാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മറ്റു കോർപ്പറേഷനുകളിൽ നിന്ന് കടമെടുത്ത് ഇവർക്കുള്ള ആനുകൂല്യങ്ങൾ കൂടി ഇതിന്റെ ഭാഗമായിട്ട് കൊടു ക്കുന്നുണ്ട്. അല്ലാതെ മറ്റൊരു മാർഗ്ഗവും ഗവൺമെന്റിന്റെ മുമ്പിലില്ല. അതു കൊണ്ടാണ് ഈ തൊഴിലാളി സംഘടനകളും എം.എൽ.എ.മാരും ഒക്കെക്കൂടി ചേർന്നെടുത്ത തീരുമാനം നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്.

(7) കടൽക്ഷോഭത്തെ തുടർന്ന് വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ധനസഹായം

<u>ശ്രീ. എ. കണാരൻ</u> : കടൽക്ഷോഭത്തെത്തുടർന്ന് വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസം നൽകാനുള്ള നടപടി വേഗമെടുക്കണം. കടൽക്ഷോഭത്തെ തുടർന്ന് വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുമ്പിൽ സത്യാഗ്രഹം നടത്തുകയാണ്. താമസിക്കുന്ന വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധി

LIBRARY ARCHIVES Kerala Legislative Assembly